# പുതുവത്സര ചിന്തകൾ

സുഖ ദുഃഖ സമ്മിശ്രമായിരുന്ന ഒരു വർഷം നമ്മെ വിട്ടു കടന്നു പോയി. ഒരു പുതു വത്സരത്തിലേക്കു സന്തോഷത്തോടെ ചുവടു വെക്കാൻ ദൈവം നമ്മെ സഹായിച്ചു. നമുക്കു മുമ്പിലുള്ള ദിനങ്ങൾ എങ്ങനെയെന്നു നാം അറിയുന്നില്ല എങ്കിലും ശുഭപ്രതീക്ഷകളോടെയാണു നാം ആയിരിക്കുന്നത്.
ഈ പുതു വർഷത്തിൽ നാം എല്ലാവരും ആഗ്രഹിക്കുന്ന ചില കാര്യങ്ങൾ നേടുവാനുള്ള എളുപ്പ വഴികൾ ദൈവവചന അടിസ്ഥാനത്തിൽ ഞാൻ നിങ്ങളോടു പങ്കു വെക്കുവാൻ ആഗ്രഹിക്കുന്നു.

1 വർഷത്തിലുടനീളം ദൈവീക സംരക്ഷണം നമുക്ക് അനുഭവിക്കണം.
നാം അത്യുന്നതന്റെ മറവിലും സർവ്വശക്തന്റെ നിഴലിൻ കീഴിലും വസിക്കുവാൻ തയ്യാറാകണം.

2 ദൈവത്തിന്റെ പ്രസാദം നമുക്കു ലഭിക്കണം.
നാം മറ്റുള്ളവർക്കു നന്മചെയ്യുകയും അവരുടെ കഷ്ടത്തിലും സങ്കടത്തിലുമൊക്കെ കൂട്ടായ്മ ആചരിക്കുകയും വേണം.

3 നമ്മുടെ ഹൃദയത്തിലെ ആഗ്രഹങ്ങൾ സാധിക്കണം.
നാം യഹോവയിൽ ആശ്രയിച്ചു നന്മ ചെയ്യുകയും ദേശത്തു പാർത്തു വിശ്വസ്തത ആചരിക്കുകയും യഹോവയിൽ തന്നേ രസിച്ചു കൊള്ളുകയും വേണം.

4 നമ്മുടെ പ്രാർത്ഥനകളെല്ലാം ദൈവം കൈക്കൊള്ളണം.
നാം ഹൃദയത്തിൽ അകൃത്യം കരുതാതെ പ്രാർത്ഥിക്കണം.

5 നമുക്കു ദൈവത്തിന്റെ രക്ഷയെ കാണണം.
നാം നമ്മുടെ നടപ്പിനെ ക്രമപ്പെടുത്തണം

6 നാം തിരഞ്ഞെടുക്കേണ്ട വഴികൾ ദൈവം നമുക്കു കാണിച്ചു തരണം.
നാം യഹോവ ഭക്തർ ആയിരിക്കേണം.

7 നമ്മുടെ തലമുറ അനുഗ്രഹിക്കപ്പെടണം, അവർ ഭൂമിയിൽ ബലപ്പെട്ടിരിക്കണം,ഐശ്വര്യവും സമ്പത്തും വീട്ടിലുണ്ടാകണം

നാം യഹോവയെ ഭയപ്പെട്ട് അവന്റെ കല്പനകളിൽ ഏറ്റവും ഇഷ്ട പ്പെട്ടു ജീവിക്കണം.

8 നാം ജീവനെ ആഗ്രഹിക്കുകയും ദീർഘായുസ്സ് ഇച്ഛിക്കുകയും ചെയ്യുന്നു.
ദോഷം ചെയ്യാതെ നമ്മുടെ നാവിനേയും വ്യാജം പറയാതെ നമ്മുടെ അധരത്തേയും കാത്തു കൊള്ളുക.

9 നമുക്ക് ഒന്നിനും മുട്ടു വരാതെ പച്ചയായ പുൽപുറങ്ങളും സ്വസ്ഥതയുള്ള വെള്ളവും നമുക്കു ലഭിക്കണം, കൂരിരുൾ താഴ്‌വരകളോ അതിന്റെ അനർത്ഥങ്ങളോ നമ്മെ ഭയപ്പെടുത്തരുത്, നന്മയും കരുണയും നമ്മുടെ ആയുഷ്‌ക്കാലമൊക്കേയും നമ്മെ പിൻതുടരണം.
നാം യഹോവയെ നമ്മുടെ ഇടയൻ ആക്കികൊള്ളണം.

10 നിത്യതയിൽ നമുക്കു നക്ഷത്രങ്ങളെപോലെ ശോഭിക്കണം.

നാം പലരേയും നീതിയിലേക്കു തിരിക്കുന്നവർ ആയിരിക്കേണം.

ഏവർക്കും സന്തോഷ സമൃദ്ധമായ ഒരു പുതു വത്സരം ആശംസിക്കുന്നു. ദൈവം നിങ്ങളെ ധാരാളമായി അനുഗ്രഹിക്കട്ടെ.

ക്രിസ്തുവിൽ നിങ്ങളുടെ സഹോദരി ലിസികുട്ടിരാജീവ്.